**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 788** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം ജില്ലയിലെ ക്ലാർക്ക് തസ്തികയിലെ നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** 01/08/2022 മുതൽ 31/07/2025 വരെയുള്ള കാലയളവിൽ ജലസേചന വകുപ്പിൽ, തിരുവനന്തപുരം ജില്ലയിലെ എത്ര ക്ലാർക്കുമാർക്കാണ് സീനിയർ ക്ലാർക്ക് ആയി പ്രൊമോഷൻ നൽകിയതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 01/08/2022 മുതൽ 31/07/2025 വരെയുള്ള കാലയളവിൽ ജലസേചന വകുപ്പിൽ, തിരുവനന്തപുരം ജില്ലയിലെ 195 ക്ലാർക്കുമാർക്ക് സീനിയർ ക്ലർക്ക് ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

**(ബി)** മേൽപ്രതിപാദിച്ച കാലയളവിൽ ജലസേചന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിന്നും എത്ര പേർ വിരമിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മേൽ പ്രതിപാദിച്ച കാലയളവിൽ ജലസേചന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ 4 പേർ ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ചിട്ടുണ്ട്.

**(സി)** നിലവിൽ ജലസേചന വകുപ്പിൽ തിരുവനന്തപുരം ജില്ലയിലുള്ള ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളുടെ ആകെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ജലസേചന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് കേഡറിൽ 240 തസ്തികകൾ ഉണ്ട്.

**(ഡി)** ഇതിൽ എത്ര ഒഴിവുകളാണ് ആശ്രിത നിയമനം, അന്തർ ജില്ലാ സ്ഥലംമാറ്റം, ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ എന്നിവയ്ക്കായി നിലവിലെ ചട്ട പ്രകാരം മാറ്റിവയ്ക്കേണ്ടത് എന്നും, മേൽ രീതിയിൽ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും എത്ര പേർ നിലവിൽ ജോലി ചെയുന്നുവെന്നും വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** നിലവിലെ ചട്ടപ്രകാരം 10% അന്തർജില്ലാ സ്ഥലംമാറ്റത്തിനും 5% ആശ്രിത നിയമനത്തിനും 10% ബൈടാൻസ്ഫർ പ്രൊമോഷനുമായി മാറ്റി വെക്കാറുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 1/8/2022 മുതൽ 31/7/2025 വരെ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം വിഭാഗം തിരിച്ച് ചുവടെ ചേർക്കുന്നു.

ആശ്രിത നിയമനം - 2

അന്തർജില്ലാ സ്ഥലംമാറ്റം - 0

ബൈട്രാൻസ്ഫർ പ്രൊമോഷൻ - 1

ടി ജീവനക്കാർ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തു വരുന്നു.

**(ഇ)** 1-8-2022 മുതൽ 31-7-25 വരെ എത്ര ക്ലാർക്കുമാരെ പി.എസ്.സി, ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം, ബൈ ട്രാൻസ്ഫർ പ്രൊമോഷൻ എന്നിവ മുഖേന തിരുവനന്തപുരം ജില്ലയിൽ നിയമിച്ചിട്ടുണ്ട്; വിഭാഗം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 1-8-2022 മുതൽ 31-7-2025 വരെ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം വിഭാഗം തിരിച്ച് ചുവടെ ചേർക്കുന്നു.

പി.എസ്.സി. - 21

ആശ്രിത നിയമനം - 2

അന്തർ ജില്ലാ സ്ഥലംമാറ്റം - 0

ബൈട്രാൻസ്ഫർ പ്രൊമോഷൻ - 1

**(എഫ്)** പ്രസ്തുത കാലയളവിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ തിരുവനന്തപുരം ജില്ലയിൽ ജലസേചന വകുപ്പിൽ എത്ര പേർക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത കാലയളവിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ തിരുവനന്തപുരം ജില്ലയിൽ ജലസേചന വകുപ്പിൽ 13 പേർക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**